# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:5001** **22.05.2017 ൽ മറുപടിയ്ക്ക്**

### കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കമ്പ്യൂട്ടർ ടീച്ചർമാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എയ്ഡഡ് സ്കൂളുകളിൽ പി.റ്റി.എ.യുടെ ചെലവിൽ നിയമിച്ചിട്ടുള്ള കമ്പ്യൂട്ടർ അദ്ധ്യാപകരുടെ പേര്, ഇവർ ഓരോരുത്തരും നിലവിൽ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന വേതനം, സ്കൂളിന്റെ പേര്, മാനേജ്മെൻറിന്റെ/ മാനേജരുടെ പേര്, വിലാസം , ഇവർ എന്ന് മുതൽ ഈ സ്കൂളിൽ പ്രവർത്തിക്കുന്നു തുടങ്ങിയ വിവരങ്ങൾ സഹിതം പട്ടിക ലഭ്യമാക്കാമോ; | എ) | സംസ്ഥാനത്ത് എട്ടാം ക്ലാസിൽ ഐ.ടി.പഠനം ആരംഭിച്ച 2002-03 വർഷം മുതൽ 2004-05 വർഷം വരെ സ്കൂളുകളിൽ ഐ.ടി പഠനത്തിന് സഹായിക്കുന്നതിനായി ഇൻസ്ട്രക്ടർമാരെ നിയോഗിക്കുന്നതിന് അനുവാദം നൽകിയിരുന്നു. എന്നാൽ നിലവിലുള്ള അദ്ധ്യാപകർ തന്നെ ഐ. സി.ടി പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതാണ് ഉചിതമെന്ന കണ്ടെത്തലിനെ തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.05.2005- ലെ എൻ.ഇ.പി.(3)37770/05/ ഡി.പി.ഐ.നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവർത്തിച്ചിരുന്ന ഐ.ടി.ഇൻസ്ട്രക്ടർമാരെ പിരിച്ചുവിടാൻ നിർദ്ദേശിച്ചിരുന്നു. |
| ബി) | ഇത്തരം അദ്ധ്യാപകർക്ക് വളരെ തുച്ഛമായ വേതനം മാത്രമാണ് ലഭിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) യും സി) യും | ബാധകമല്ല. |
| സി) | ഇവർക്ക് ന്യായമായ വേതനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ